# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1778 11.02.2013-ൽ മറുപടിക്ക്.

### തദ്ദേശഭരണ സ്ഥാപനങ്ങളിലെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.സണ്ണി ജോസഫ്. | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയ ും വകുപ്പുമന്ത്രി) |
| (എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾ, ഈ വർഷം തന്നെ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ബി) ഇതിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി)യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണത്തിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ 04.02.2013 ലെ സ.ഉ(എം.എസ്) 47/13/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2013-14 ലെ വാർഷിക പദ്ധതികളുടെ അംഗീകാരം മാർച്ചിനകം പ്രോജക്ടുകൾക്കും പദ്ധതി രേഖകൾക്കും അംഗീകാരം വാങ്ങുകയും വികസന പദ്ധതി ഉൾപ്പെടുത്തി ബജറ്റ് മാർച്ച് 31 നകം പാസ്സാക്കി പദ്ധതികളുടെ നിർവ്വഹണം 2013 ഏപ്രിൽ 1 മുതൽ നിർവ്വഹണം ആരംഭിക്കാനും അപ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാനാവും. |
| (സി) ഇത് സംബന്ധിച്ച് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) 30.10.12 ലെ സ.ഉ(എം.എസ്) നം.277/12/തസ്വഭവ ഉത്തരവ് പ്രകാരം 2-ാം വർഷത്തെ പദ്ധതി രൂപീകരണം ഫെബ്രുവരിയിൽ അംഗീകാരം വാങ്ങി ഏപ്രിൽ 1 ന് പ്രവർത്തനം തുടങ്ങാവുന്ന രീതിയിൽ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. കൂടാതെ 04.02.13 ലെ സ.ഉ(എം.എസ്) 47/13/തസ്വഭവ ഉത്തരവ് പ്രകാരം 2013-14 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ |

സമിതിയിൽ നിന്ന് അംഗീകാരം നേടുന്നതിനുള്ള അവസാന തീയതി 2013 മാർച്ച് 25 ആയി ഉത്തരവായിട്ടുണ്ട്.

(ഡി) തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതികളും ബഡ്ജറ്റ് പദ്ധതികളും തമ്മിൽ ഏകോപനം ഉണ്ടാക്കാൻ ഇത് എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) 04.02.13 ലെ സ.ഉ(എം.എസ്) 47/13/തസ്വഭവ ഉത്തരവ് പ്രകാരം 2013-14 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്ന് അംഗീകാരം നേടുന്നതിനുള്ള അവസാന തീയതി 2013 മാർച്ച് 25 ആയി ഉത്തരവായിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ പദ്ധതികൾ അതിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുന്നതും അപ്രകാരം ബഡ്ജറ്റുമായി ഒരു ഏകോപനം സാധ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ